**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1988** **20-06-2024 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാനത്ത് നിന്നും വരുന്ന പാലിന്റെ ഗുണമേന്മ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിന്റെ ഗുണമേൻമ പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) | കേരളത്തിനു പുറത്തുനിന്നു വരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനു തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല, കൊല്ലം ജില്ലയിൽ ആര്യങ്കാവ്, പാലക്കാട് ജില്ലയിൽ മീനാക്ഷിപുരം എന്നീ സ്ഥലങ്ങളിൽ ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ചെക്ക്പോസ്റ്റുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ലാബുകളിൽ അന്യ സംസ്ഥാനത്തു നിന്നും കൊണ്ടു വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കി കേരളത്തിലേക്ക് കടത്തിവിടുന്നു. ആയതിൽ ഏതെങ്കിലും തരത്തിലുള്ള മായം കണ്ടെത്തിയാൽ ടി വിവരം FSSAI യെ അറിയിക്കുകയും ചെയ്യുന്നു.<br><br>അയൽ സംസ്ഥാനങ്ങളിൽ നിന്ന് പാൽ എത്തിക്കുന്ന മിൽമയുടെ ഡയറികളിൽ കർശനമായ ഗുണനിലവാര പരിശോധനകൾ നടത്തിയ ശേഷമാണ് പാൽ സ്വീകരിക്കുന്നത്. ഇത്തരത്തിൽ ഗുണപരിശോധന മാനദണ്ഡങ്ങൾ പാലിച്ച്, ഗുണനിലവാരം ഉറപ്പു വരുത്തിയ പാൽ മാത്രമേ മിൽമ വിപണിയിൽ എത്തിക്കുന്നുള്ളൂ. പാലിന്റെ ഗുണനിലവാര പരിശോധനയ്ക്ക് വേണ്ട എല്ലാ ആധുനിക സജ്ജീകരണങ്ങളും മിൽമയുടെ ലാബുകളിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ, മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഡയറികളും ഐ.എസ്.ഒ. സർട്ടിഫൈഡ് ആണ്. ജി.എം.പി കൃത്യമായി പാലിക്കുന്ന ഡയറികളെല്ലാം തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ്. |
| (ബി) | ഒരു ദിവസം എത്ര ലിറ്റർ പാൽ മറ്റ് സംസ്ഥാനത്ത് നിന്നും കേരളത്തിൽ എത്തുന്നു വിശദശാംശം നൽകാമോ; | (ബി) | കേരളത്തിലെ സഹകരണ സ്ഥാപനമായ മിൽമ കൂടാതെ മറ്റ് സ്വകാര്യ ഡയറി പ്ലാന്റുകളിലേക്കും അന്യസംസ്ഥാനത്തു നിന്ന് പാൽ എത്തുന്നു. പാറശ്ശാല, ആര്യങ്കാവ്, മീനാക്ഷിപുരം എന്നീ ക്ഷീര വികസന വകുപ്പിന്റെ 3 സ്ഥിരം ചെക്ക്പോസ്റ്റുകൾ വഴി പ്രതിദിനം ശരാശരി 5.5 ലക്ഷം ലിറ്റർ പാൽ അയൽ |

| | | | |
|---|---|---|---|
| | | | സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്നുണ്ട്.<br><br>മിൽമയുടെ വിൽപ്പനയും സംഭരണവും തമ്മിൽ പ്രതിദിനം ശരാശരി 4 ലക്ഷം ലിറ്റർ പാലിന്റെ കുറവുണ്ട്. ഈ കുറവു വരുന്ന ശരാശരി 4 ലക്ഷം ലിറ്റർ പാൽ പ്രതിദിനം കർണാടക, മഹാരാഷ്ട്ര എന്നീ അയൽ സംസ്ഥാനങ്ങളിൽ നിന്നുമാണ് എത്തിക്കുന്നത്. |
| (സി) | സംസ്ഥാനത്തെ ക്ഷീരകർഷകരിൽ നിന്നും ദിവസം എത്ര ലിറ്റർ പാൽ സംഭരിക്കുന്നു വിശദശാംശം ലഭ്യമാക്കുമോ ? | (സി) | 2023-24 വർഷത്തെ കണക്കുകൾ പ്രകാരം ക്ഷീരവികസന വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന 3610 ക്ഷീരസംഘങ്ങളിലെ കർഷകരിൽ നിന്നും 18.61 ലക്ഷം ലിറ്റർ പാൽ പ്രതിദിനം സംഭരിക്കുന്നു. രണ്ട് ലക്ഷം കർഷകർ രണ്ടു നേരമായി അളക്കുന്ന പാലിൽ നിന്നും 6 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘം പ്രാദേശിക വിൽപ്പന നടത്തുന്നു. ബാക്കിയുള്ള 12.61 ലക്ഷം ലിറ്റർ പാൽ സഹകരണ സ്ഥാപനമായ മിൽമ സംഭരിക്കുന്നു. |

സെക്ഷൻ ഓഫീസർ